പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2540 19/06/2013 ൽ മറുപടിയ്ക്ക്

**പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്**

| | ചോദ്യം<br>ശ്രീ. ബി. സത്യൻ | | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഒൻപത്, പത്ത് ക്ലാസ്സുകളിൽ പഠിയ്ക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ തുടക്കം കുറിച്ച പുതിയ സ്കോളർഷിപ്പ് പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (എ) | 2012-13 വർഷം മുതൽ IX, X ക്ലാസ്സുകളിൽ പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കേന്ദ്ര സഹായത്തോടെ 01/07/2012 മുതൽ പ്രാബല്യം നൽകിക്കൊണ്ട് പ്രീ-മെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നതിന് സ.ഉ(എം.എസ്)നം. 25/13/പജപവവിവ. തീയതി 22.03.2013 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം സ്കോളർഷിപ്പ് തുക DBTS മുഖേന നൽകുന്നതാണ്. സ്കോളർഷിപ്പിനത്തിൽ പ്രതിമാസം 150/- രൂപ ഡേ സ്കോളേഴ്സിനും 350/- രൂപ ഹോസ്റ്റലേഴ്സിനും നൽകുന്നു. കൂടാതെ ഡേ സ്കോളേഴ്സിന് 750/- രൂപയും ഹോസ്റ്റലേഴ്സിന് 1000/- രൂപയും ബുക്ക്സിന് അഡ്ഹോക്ക് ഗ്രാന്റായും നൽകുന്നു. |
| (ബി) | പ്രസ്തുത പദ്ധതി എന്ന് മുതലാണ് നിലവിൽ വന്നത് ; വിശദമാക്കാമോ ? | (ബി) | 2012-13 അദ്ധ്യയന വർഷം 01/07/2012 മുതൽ പ്രാബല്യത്തിൽ വന്നു. |

സെക്ഷൻ ഓഫീസർ